**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1567**
**14/07/2016 മറുപടി നൽകേണ്ടിയിരുന്നത്**

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി**

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | കരുനാഗപ്പള്ളി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി 2015-16 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതികൾ ആരംഭിക്കാത്തതിനുള്ള കാരണവും ആരംഭിച്ച് മുടങ്ങിയ പദ്ധതികളുടെ ലിസ്റ്റും ലഭ്യമാക്കാമോ; | |
| (സി) | ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ആരംഭിക്കാൻ കഴിയാത്തതോ, മുടങ്ങിയതോ ആയ പദ്ധതികളുടെ അനുമതി റദ്ദാക്കി പുതിയ പദ്ധതികളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി 2015-16 വരെ(31.03.2016 ന് മുമ്പ്) എം.എൽ.എ മാർ ശുപാർശ ചെയ്ത പ്രവൃത്തികൾക്ക് സ്പിൽ ഓവർ വർക്കുകളായി പരിഗണിച്ച് 2016-17 ൽ ധനാനുമതിയും ഭരണാനുമതിയും നൽകാവുന്നതാണെന്നും 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 01.04.2016 ന ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല എന്നും 12.04.2016 ലെ സർക്കുലർ നം.33/2016/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

LAC-ADC Karunagappally - 2015-16

| Sl No | Project Name | Implementing Agency | Status |
|---|---|---|---|
| 1 | Tharamel Jn. Thiyooram Jn. road construction in Thazhava GP | LSGD | Completed |
| 2 | Varavila Alinchuvadu Kannethara road Concreting in Clappana GP | LSGD | Completed |
| 3 | Chelakkottukulangara Malumel road tarring in Thodiyoor GP | LSGD | Completed |
| 4 | Choloormukku IHRD Jn. Kungattu road drain construction and Tarring in Thodiyoor GP | LSGD | Completed |
| 5 | Thodiyoor road Palamoodu road resurfacing in Thazhava GP | LSGD | Completed |
| 6 | Construction of stage for IHRD Engineering College in Karunagapally | LSGD | Completed |
| 7 | Construction of 1st floor of bulding at Government Model H.S.S., Karunagappally | PWD (Buildings) | Completed |
| 8 | Construction of buildings for Government H.S.S., Oachira | PWD (Buildings) | Completed |
| 9 | Construction of buildings for Government H.S.S., Thodiyoor | PWD (Buildings) | Completed |
| 10 | Construction of buildings for PHC Thazhava | PWD (Buildings) | Completed |
| 11 | Making lines with synthetic enamel paint in Mini Civil Station yard providing Traffic Care and chain for cotrolling taffic providing interlocking cables to yard, construction of vehicle shed | PWD (Buildings) | Completed |

**കേരള സർക്കാർ**

ധനകാര്യ (**നോഡൽ സെന്റർ-ബി**) വകുപ്പ്,

**<u>സർക്കുലർ</u>**

നം.**33**/2016/ധന. തിരുവനന്തപുരം, 2016 ഏപ്രിൽ 12.

വിഷയം :- ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, 2015-16 – ൽ ശേഷിക്കുന്ന തുകയുടെ വിനിയോഗത്തിനായി സമയ പരിധിയിൽ ഇളവ് നൽകി നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സ.ഉ നം. 247/2004/ധന തീയതി 27.05.2004.
2. സ.ഉ(പി) നം. 332/12/ധന തീയതി 11.06.2012.
3 സർക്കുലർ നം. 63/2014/ധന തീയതി 21.06.2014.
4. സർക്കുലർ നം. 19/2015/ധന തീയതി 02.02.2015

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എംഎൽഎ-മാർക്കും അവരുടെ നിയോജക മണ്ഡലത്തിൽ ഒരു സാമ്പത്തിക വർഷം 5 കോടി രൂപയുടെ മേജർ വർക്കുകൾ ഏറ്റെടുക്കുന്നതിനായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് രൂപീകരിക്കുകയും സൂചന 2 ലെ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും കാരണങ്ങളാൽ എം.എൽ.എ മാർക്ക് മാറ്റം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം, നടത്തിപ്പ്, പ്രവൃത്തികളുടെ തുടർച്ച എന്നിവ സൂചന 1 ലെ ഉത്തരവ് പ്രകാരമുള്ള എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഖണ്ഡിക 3.9 ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമായിരിക്കണമെന്ന് സൂചന 2 ലെ ഉത്തരവിലെ പൊതു നിർദ്ദേശങ്ങൾക്ക് താഴെയുള്ള ഖണ്ഡിക 9 ൽ പ്രതിപാദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശുപാർകൾ 2015 മാർച്ച് 31 ന് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് സൂചന 4 സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട നിരവധി ശുപാർശകൾ വിവിധ വകുപ്പുകളിൽ അനുമതിയ്ക്കായി നിലവിലുണ്ടെങ്കിലും 2015-16 സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി അനുമതി ലഭ്യമാക്കണമെന്നത് സംബന്ധിച്ച നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിരുന്നില്ല. സംസ്ഥാനത്ത് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ എം.എൽ.എ മാർ ശുപാർശ ചെയ്ത നിരവധി പദ്ധതികൾക്ക് അനുമതി നൽകാൻ സാധിച്ചിട്ടില്ല. അത്തരത്തിലുള്ള നിരവധി ശുപാർശകൾ ധനാനുമതിയ്ക്കായി ധനവകുപ്പിലും ഭരണാനുമതിയ്ക്കായി വിവിധ ഭരണവകുപ്പുകളിലും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2015 - 16 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. 31.3.2016 വരെ എം.എൽ.എ മാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ/പ്രവൃത്തികൾ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുവദനീയമാണെങ്കിൽ 2015-16 ലെ സ്പിൽ ഓവർ പ്രവൃത്തികളായി പരിഗണിച്ച് 2016-17 ൽ ധനാനുമതിയും ഭരണാനുമതിയും നൽകാവുന്നതാണ്.

2. 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 01.04.2016 ന് ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല. എന്നാൽ പ്രവൃത്തികൾ റദ്ദ് ചെയ്യാൻ അനുമതി ഉണ്ടായിരിക്കുന്നതാണ്.

3. 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 01.04.2016 ന് ശേഷം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് ഉപയോഗിച്ച്/ഫണ്ട് കൂടി ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന, പ്രവൃത്തികൾ അനുവദിക്കുന്നതല്ല.

V.K. ബേബി
സെക്രട്ടറി(ഫിനാൻസ് റിസോഴ്സസ്).

1. എല്ലാ എംഎൽഎ മാർക്കും
2. എല്ലാ വകുപ്പ സെക്രട്ടറിമാർക്കും,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
6. എല്ലാ വകുപ്പ തലവന്മാർക്കും.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
8. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
12. ട്രഷറി ഡയറക്ടർ
13. നോഡൽ ഓഫീസർ www.finance.kerala.gov.in.
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ